T1/25710/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 06.09.2021

## പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ്

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള 2021 - 2022 അധ്യയന വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസിന്റെ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനായി വെബ്സൈറ്റ് ഓപ്പൺ ചെയ്തിട്ടുള്ളത് സംബന്ധിച്ച്.

സൂചന :- 25/08/2021 ലെ കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിൽ നിന്നുള്ള No.SS-15/4 /2021 - Scholarship-MoMA നമ്പർ കത്ത്.

*********

മേൽ സൂചന പ്രകാരം കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കി വരുന്ന 2021 - 2022 അധ്യയന വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് സ്റ്റുഡന്റ്സ് സ്കോളർഷിപ്പ് സ്കീമിന്റെ ഫ്രെഷ്, റിന്യൂവൽ അപേക്ഷകൾ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലീം,ക്രിസ്ത്യൻ,ജൈന,സിഖ്,ബുദ്ധ,പാഴ്സി എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികളിൽ നിന്നും ഓൺലൈനായി സ്വീകരിക്കുന്നതിനായി www.scholarships.gov.in എന്ന വെബ്സൈറ്റിലെ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP) എന്ന വെബ്പേജ് ഓപ്പൺ ചെയ്തിട്ടുണ്ട്.

പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി www.scholarships.gov.in അല്ലെങ്കിൽ www.minorityaffairs.gov.in എന്ന വെബ്സൈറ്റ് ലിങ്കുകൾ വഴിയോ അതുമല്ലെങ്കിൽ National Scholarship (NSP) എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയോ സ്കോളർഷിപ്പിന്റെ ഓൺലൈൻ അപേക്ഷകൾ **2021 നവംബർ 30** വരെ സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ വിദ്യാർത്ഥികൾ പഠനം നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ട് തലത്തിലും സംസ്ഥാനതലത്തിലും കേന്ദ്ര തലത്തിലും വെരിഫിക്കേഷന് വിധേയമാക്കപ്പെടുന്നതാണ്. ആയതിനാൽ സ്കോളർഷിപ്പിനായി നിർദ്ദേശിച്ചിട്ടുള്ള ടൈംലൈൻ അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികളും സ്ഥാപനമേധാവികളും (University/ Institutes/ College/ Schools) കർശനമായി പാലിക്കേണ്ടതാണ്.

സ്കോളർഷിപ്പിനായി www.scholarships. gov.in (നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ ഓഫീസിലെ 13/08/2021ലെ ഇതേ നമ്പർ സർക്കുലർ പ്രകാരം കൃത്യതയോടെ നടപ്പിലാക്കുന്നതിനുവേണ്ടി എല്ലാ ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർമാരും (INO) അവരവരുടെ ആധാർ കാർഡിലെ വിവരങ്ങൾ ഉപയോഗിച്ച് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അംഗീകൃത AISHE/U-DISE/NCVT/SCVT കോഡുകൾ സഹിതം പുതിയ KYC രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ്കോളർഷിപ്പ് സംബന്ധിച്ച കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങളും അറിയിപ്പുകളും അതത് സമയങ്ങളിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## സ്കോളർഷിപ്പ് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ

1) അപേക്ഷകർ കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലീം/ക്രിസ്ത്യൻ/സിഖ്/ബുദ്ധ/ജൈന/പാഴ്സി സമുദായങ്ങളിലൊന്നിൽ ഉൾപ്പെട്ടവരായിരിക്കണം.

2) അപേക്ഷകർ താഴെ പറയുന്ന കോഴ്സുകളിലൊന്നിലെ വിദ്യാർത്ഥിയും തൊട്ടു മുൻവർഷത്തെ ബോർഡ് /യൂണിവേഴ്സിറ്റി പരീക്ഷയിൽ 50% ത്തിൽ കുറയാത്ത മാർക്കോ , തത്തുല്യ ഗ്രേഡോ ലഭിച്ചവരും ആയിരിക്കണം

(i) ഗവൺമെന്റ് /എയ്ഡഡ് /അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ ഹയർസെക്കൻഡറി /ഡിപ്ലോമ/ബിരുദം/ബിരുദാനന്തര ബിരുദം/എം.ഫിൽ/ പി.എച്ച്.ഡി. കോഴ്സുകൾക്ക് പഠിക്കുന്നവർ.

(ii) എൻ.സി.വി.ടി യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.ടി.ഐ /ഐ.ടി.സി സെന്ററുകളിലെയും ടെക്നിക്കൽ /വൊക്കേഷണൽ സ്കൂളുകളിലെയും ഹയർസെക്കൻഡറി തത്തുല്യ കോഴ്സുകളിൽ പഠിക്കുന്നവർ.

(iii) മെറിറ്റ് കം മീൻസ് സ്കോളർഷിപ്പിന്റെ പരിധിയിൽ വരാത്ത കോഴ്സുകളിൽ പഠിക്കുന്നവർ.

3) 2020-2021 ൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റി സ്റ്റുഡന്റ്സ് സ്കോളർഷിപ്പ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അവരുടെ നിലവിലുള്ള Application Id യിൽ തന്നെ 2021-2022 വർഷത്തേക്ക് റിന്യൂവൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4) അപേക്ഷകരുടെ വാർഷിക വരുമാനം പരമാവധി 2 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

5) അപേക്ഷകർ മറ്റു സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റോ കൈപ്പറ്റുന്നവർ ആയിരിക്കരുത് .

6) അപേക്ഷകർക്ക് ഐ.എഫ്.എസ്.സി കോഡുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ ആക്ടീവായ സേവിങ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.

7) കേരളത്തിന് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികൾ കേരളം Domicile ആയി തിരഞ്ഞെടുത്ത് ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

8) ഒരു കുടുംബത്തിൽപ്പെട്ട രണ്ടിൽ കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതല്ല.

9) അപേക്ഷകർക്ക് നിർബന്ധമായും സ്ഥിരമായ ഒരു മൊബൈൽ നമ്പർ ഉണ്ടായിരിക്കണം.

10) വിദ്യാർത്ഥികൾക്ക് നിർബന്ധമായും ആധാർ നമ്പർ ഉണ്ടായിരിക്കേണ്ടതും ഇത് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കേണ്ടതുമാണ്. ആധാർ അടിസ്ഥാനമാക്കിയുള്ള വിദ്യാർത്ഥിയുടെ പേര്,ജനന തീയതി എന്നിവ ആധികാരികതയ്ക്കായി NSP പോർട്ടലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

11) സ്കോളർഷിപ്പ് നൽകുന്നത് കേന്ദ്ര ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രാലയത്തിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

12) സ്കോളർഷിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ ,അപേക്ഷിക്കേണ്ട തീതി, തുടർനടപടി എന്നിവ കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിന്റെ www.scholarships.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

13) <u>മാന്വൽ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.</u>

14) വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിച്ച ശേഷമുള്ള അപേക്ഷാഫോമിന്റെ പ്രിന്റൗട്ട്

മുഴുവൻ അനുബന്ധ രേഖകളുടെ പകർപ്പുകൾ സഹിതം പഠിക്കുന്ന സ്ഥാപനത്തിൽ ഏൽപ്പിക്കുകയും അപ്ലിക്കേഷൻ ഐ.ഡി. വിദ്യാർഥികൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

15) 2021-2022 അധ്യയന വർഷത്തെ ഫീസ് വിവരങ്ങൾ ഇൻസ്റ്റിറ്റ്യൂഷൻ തലത്തിൽ പൂരിപ്പിക്കേണ്ടതാണ്.

16) ഇൻസ്റ്റിട്യൂഷൻസിലെ സ്കോളർഷിപ്പ് നോഡൽ ഓഫീസർമാർ (INO) ഓൺലൈനായി ഇൻസ്റ്റിട്യൂട്ടിന്റെ പ്രൊഫൈലിൽ ലഭിച്ചിരിക്കുന്ന അപേക്ഷകൾ കൃത്യമായി വെരിഫൈ ചെയ്ത് അപ്രൂവൽ നൽകേണ്ടതും, അപേക്ഷകൾ അതാത് ഇൻസ്റ്റിട്യൂഷൻസിൽ സൂക്ഷിക്കേണ്ടതുമാണ്. ഈ അപേക്ഷകൾ സ്കോളർഷിപ്പ് സംസ്ഥാന തല നോഡൽ ഓഫീസർ (SNO) അതാത് സ്ഥാപനങ്ങളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതാണ്. പരിശോധനാസമയത്ത് അപാകതകളുണ്ടെന്ന് ബോധ്യപ്പെട്ടാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് റദ്ദാക്കുന്നതും ഇൻസ്റ്റിട്യൂഷൻ നോഡൽ ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും ടിയാന്റെ അശ്രദ്ധ കാരണം കുട്ടികൾക്കും സർക്കാരിനും ഉണ്ടാകുന്ന ബാധ്യതയ്ക്ക് ടിയാൾ മാത്രമായിരിക്കും ഉത്തരവാദിയെന്നുമുള്ള വിവരം അറിയിക്കുന്നു.

17) വ്യാജ അപേക്ഷകൾ സമർപ്പിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

18) ഓൺലൈൻ അപേക്ഷയിലെ വിവരങ്ങളും വിദ്യാർത്ഥികൾ തങ്ങളുടെ ഇൻസ്റ്റിട്യൂഷൻസിൽ സമർപ്പിക്കുന്ന പ്രിന്റൗട്ടിന്റെയും അനുബന്ധരേഖകളുടെയും പകർപ്പുകളുടെയും വിവരങ്ങളിൽ വ്യത്യാസം ഉണ്ടാകരുത്.

<u>വിശദവിവരങ്ങൾക്ക് :-</u>

ഇ-മെയിൽ ഐ.ഡി.- postmatricscholarship@gmail.com
ഫോൺ നമ്പർ - 0471- 2306580, 9446096580

Approval Valid

Digitally Appr... By
മനോമോഹ...
Dat... 6... 2021
Reason... pproved

ഒപ്പ്/-
**മനോമോഹൻ കെ**
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

പകർപ്പ്:-

സിസ്റ്റം അഡ്മിനിസ്ട്രേറ്റർ , കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്
(www.dcescholarship.kerala.gov.in www.colllglateedu.kerala.gov.in എന്നീ സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനു )

"ഭരണഭാഷ - മാതൃഭാഷ"

R4/30397/2021/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി: 07/09/2021

## സുവർണ്ണജൂബിലി മെരിറ്റ് സ്കോളർഷിപ്പ് പുതുക്കൽ വിജ്ഞാപനം 2021-222

കേരളത്തിലെ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും ,യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും പഠിക്കുന്ന ബിരുദ,ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 2021-22 അധ്യയന വർഷം,സുവർണ്ണജൂബിലി മെരിറ്റ് സ്കോളർഷിപ്പ് പുതുക്കി നൽകുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം 10/09/2021 മുതൽ സമർപ്പിക്കാവുന്നതാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarsip.kerala.gov.in ൽ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം.

1) യോഗ്യതകൾ

എ) 2019-20, 2020-21 വർഷങ്ങളിൽ പ്രസ്തുത സ്കോളർഷിപ്പിന് അർഹരായവരും ഇപ്പോൾ തുടർന്ന് പഠിക്കുന്നവരുമായ രണ്ട്,മൂന്ന് വർഷ ഡിഗ്രി , രണ്ടാം വർഷം പി.ജി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പുതുക്കലിന് അപേക്ഷിക്കാവുന്നതാണ്.

ബി) ഡിഗ്രി II year -ന് സുവർണ്ണജൂബിലി സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ 60%-ത്തിൽ കുറയാതെയുള്ള I സെമസ്റ്ററിന്റെ മാർക്കും മൂന്നാം വർഷത്തിനപേക്ഷിക്കുന്ന വിദ്യാർത്ഥികൾ II & III സെമസ്റ്റർ മാർക്കിന്റെയും അടിസ്ഥാനത്തിൽ അപേക്ഷ നൽകാവുന്നതാണ്. PG II year -ന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ 60%-ത്തിൽ കുറയാതെയുള്ള I സെമസ്റ്ററിന്റെ മാർക്ക് ലിസ്റ്റ് ഉപയോഗിച്ച് അപേക്ഷ നൽകാവുന്നതാണ്.

2) സ്കോളർഷിപ്പ് തുക:-

പ്രതിവർഷം 10,000/- (പത്തായിരം) രൂപ

3)ബന്ധപ്പെട്ട മറ്റു വിവരങ്ങൾ

അപേക്ഷകർക്ക് ഐ.എഫ്.എസ്. കോഡ് ഉള്ള ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.

4) അപേക്ഷിക്കേണ്ട രീതി

വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി **15/10/2021** വരെ സമർപ്പിക്കാവുന്നതാണ്. ഇതിനായി

എ) **www.dcescholarship.kerala.gov.in** എന്ന വെബ്സൈറ്റിലെ **suvarnajubilee merit scholarship (SJMS)** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

ബി) വലതുവശത്തെ **Renewal button** ക്ലിക്ക് ചെയ്യുക.

സി) അപേക്ഷകൻ പഠിക്കുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന **District, Institution type** എന്നിവ സെലക്റ്റ് ചെയ്യുക.

ഡി) അപേക്ഷർ പഠിയ്ക്കുന്ന സ്ഥാപനത്തിന്റെ പേര് സെലക്ട് ചെയ്യുക.

ഇ) അപേക്ഷകർ പഠിക്കുന്ന കോഴ്സിൽ അഡ്മിഷൻ നേടിയ വർഷം സെലക്ട് ചെയ്യുക.

എഫ്) അപേക്ഷകന്റെ പേര് സെലക്ട് ചെയ്യുക.

ജി) രജിസ്ട്രേഷൻ ഐ.ഡി.പൂരിപ്പിക്കുക. ആവശ്യമായ എല്ലാ വിവരങ്ങളും പൂരിപ്പിച്ചതിനുശേഷം **Submit** ക്ലിക്ക് ചെയ്യുക.

എച്ച്) ഓൺലൈനിലൂടെ അപേക്ഷ നൽകിയതിനുശേഷം **view/Print** എടുക്കുക.

ഐ) **Registration Form** ന്റെ **Printout** അനുബന്ധ രേഖകൾ സഹിതം ഇപ്പോൾ പഠിയ്ക്കുന്ന സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

ജെ) വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും **Registration Printout** ഉം ഓൺലൈൻ വഴി സ്ഥാപനമേധാവി പരിശോധിക്കേണ്ടതാണ്.(**verification**)

കെ) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം.(**Approval**)

(എൽ) ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാത് സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

(എം) ഓൺലൈനിലൂടെ വെരിഫിക്കേഷനും അപ്രൂവലും നൽകാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**(III) സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ**

എ) **Registration Printout**

ബി) അപേക്ഷകന്റെ സ്വന്തം പേരിലുള്ള **Bank Passbook** ന്റെ ഒന്നാമത്തെ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ച് അഡ്രസ് ഇവ ഉൾപ്പെടുത്തണം)

സി) മുൻ അദ്ധ്യയന വർഷത്തിലെ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (റിസൽറ്റ് പബ്ലിഷ് ചെയ്തിട്ടില്ലെങ്കിൽ വിദ്യാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങേണ്ടതും, മാർക്ക്ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്.)

ഡി) ആധാർകാർഡിന്റെ പകർപ്പ്

**(IV) അവസാന തീയതികൾ**

എ) വിദ്യാർത്ഥികൾ ഓൺലൈൻ വഴി അപേക്ഷകൾ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : **15/10/2021.**

ബി) **Registration Printout** ഉം മറ്റ് അനുബന്ധ രേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി: **25/10/2021.**

സി) സ്ഥാപനമേധാവി സൂക്ഷ്മപരിശോധനക്ക് ശേഷം ഓൺലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേണ്ട അവസാന തീയതി : **30/10/2021.**

മേൽ പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ പൂർണ്ണ ഉത്തരവാദിത്തം സ്ഥാപനമേധാവിയ്ക്ക് മാത്രമായിരിക്കും എന്ന് കൂടി അറിയിക്കുന്നു.

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

[illegible]

**"ഭരണഭാഷ – മാതൃഭാഷ"**

**Q1/30902/2021/**കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി: 07/09/2021

## സ്റ്റേറ്റ് മെരിറ്റ് സ്കോളർഷിപ്പ്
## പുതുക്കൽ വിജ്ഞാപനം 2021–22

കേരളത്തിലെ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും ,യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും പഠിക്കുന്ന ബിരുദ,ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 2021–22 അദ്ധ്യയന വർഷത്തെ സ്റ്റേറ്റ് മെരിറ്റ് സ്കോളർഷിപ്പ് പുതുക്കി നൽകുന്നതിനു വേണ്ടിയുള്ള അപേക്ഷ ഓൺലൈൻ മുഖാന്തിരം **10–09–2021** മുതൽ സമർപ്പിക്കാവുന്നതാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ **www.dcescholarsip.kerala.gov.in** ൽ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം.

1) <u>യോഗ്യതകൾ</u>

എ) **2019-20, 2020-21** വർഷങ്ങളിൽ പ്രസ്തുത സ്കോളർഷിപ്പിന് അർഹരായവരും ഇപ്പോൾ തുടർന്ന് പഠിക്കുന്നവരുമായ രണ്ട്,മൂന്ന് വർഷ ഡിഗ്രി , രണ്ടാം വർഷം പി.ജി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പുതുക്കലിന് അപേക്ഷിക്കാവുന്നതാണ്.

ബി) ഡിഗ്രി II year –ന് സ്റ്റേറ്റ് മെരിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ 50%–ത്തിൽ കുറയാതെയുള്ള I സെമസ്റ്ററിന്റെ മാർക്കും മൂന്നാം വർഷത്തിനപേക്ഷിക്കുന്ന വിദ്യാർത്ഥികൾ II സെമസ്റ്റർ 50%–ത്തിൽ കുറയാതെയുള്ള മാർക്കിന്റെയും അടിസ്ഥാനത്തിൽ അപേക്ഷ നൽകാവുന്നതാണ്. PG II year –ന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ 50%–ത്തിൽ കുറയാതെയുള്ള I സെമസ്റ്ററിന്റെ മാർക്ക് ലിസ്റ്റ് ഉപയോഗിച്ച് അപേക്ഷ നൽകാവുന്നതാണ്.

(എൽ) ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാത് സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

(എം) ഓൺലൈനിലൂടെ വെരിഫിക്കേഷനും അപ്രൂവലും നൽകാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**(III) സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ**

എ) **Registration Printout**

ബി) അപേക്ഷകന്റെ സ്വന്തം പേരിലുള്ള **Bank Passbook** ന്റെ ഒന്നാമത്തെ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ച് അഡ്രസ് ഇവ ഉൾപ്പെടുത്തണം)

സി) മുൻ അദ്ധ്യയന വർഷത്തിലെ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (റിസൽറ്റ് പബ്ലിഷ് ചെയ്തിട്ടില്ലെങ്കിൽ വിദ്യാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങേണ്ടതും, മാർക്ക്‌ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്.)

**(IV) അവസാന തീയതികൾ**

എ) വിദ്യാർത്ഥികൾ ഓൺലൈൻ വഴി അപേക്ഷകൾ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : **15/10/2021.**

ബി) **Registration Printout** ഉം മറ്റ് അനുബന്ധ രേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി: **25/10/2021.**

സി) സ്ഥാപനമേധാവി സൂക്ഷ്മപരിശോധനക്ക് ശേഷം ഓൺലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേണ്ട അവസാന തീയതി : **30/10/2021.**

മേൽ പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ പൂർണ്ണ ഉത്തരവാദിത്തം സ്ഥാപനമേധാവിയ്ക്ക് മാത്രമായിരിക്കും എന്ന് കൂടി അറിയിക്കുന്നു.

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

ഒപ്പ്

# കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ്

## വിജ്ഞാപനം

### എസ്.എസ്.എൽ.സി/പ്ലസ് ടു/വി.എച്ച്.എസ്.ഇ തലങ്ങളിൽ പഠിച്ച് എല്ലാ വിഷയങ്ങളിലും എ+ നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്

### 2020-21 അപേക്ഷ ക്ഷണിച്ചു

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിച്ച് എസ്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ. തലങ്ങളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് നൽകുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും 2019-20 അദ്ധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ തലങ്ങളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയവർക്കാണ് പ്രസ്തുത സ്കോളർഷിപ്പ്. സ്കോളർഷിപ്പ് തുക 10,000/-(പതിനായിരം രൂപ മാത്രം) രൂപയാണ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നതാണ്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെയും പരിഗണിക്കും. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **2020 ഒക്ടോബർ 30.** കൂടുതൽ വിവരങ്ങൾക്ക് **0471- 2302090, 2300524** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

I. **അപേക്ഷിക്കേണ്ട രീതി**

1. www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിൽ Scholarship - Prof. Joseph Mundassery Scholarship (PJMS) ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Apply online – ൽ ക്ലിക്ക് ചെയ്യുക.
3. മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.
4. Online – ലൂടെ അപേക്ഷ നൽകിയതിനുശേഷം ലഭിക്കുന്ന User ID & Password വെച്ച് login ചെയ്ത് Photo, Signature, S.S.L.C Certificate, Income Certificate, Ration Card Copy തുടങ്ങിയവ upload ചെയ്യുക.
5. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം View/ Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് എടുക്കുക.
6. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിച്ചിരുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കണം.

**അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ**

1. അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്
2. എസ്.എസ്.എൽ.സി./പ്ലസ്ടു/വി.എച്ച്.എസ്.ഇ തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്
3. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്
(പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം)
4. ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ എൻ.പി.ആർ കാർഡിന്റെ പകർപ്പ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്
6. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
7. വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ) വില്ലേജ് ഓഫീസിൽ നിന്ന്
8. റേഷൻ കാർഡിന്റെ പകർപ്പ്

## III. സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം.
2. അപേക്ഷകർക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഉണ്ടായെന്ന് ഉറപ്പ് വരുത്തണം.
3. സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം.
4. വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ) അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കണം.
5. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പു വരുത്തണം.
6. ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ ശരിയാണോ എന്ന് പ്രത്യേകം സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം.
7. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപന മേധാവി ഉത്തരവാദിയായിരിക്കും.
8. ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിൽ വെരിഫിക്കേഷനും അപ്രൂവലും ചെയ്ത അപേക്ഷകൾ അതതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്ക് ഇവ ലഭ്യമാക്കേണ്ടതുമാണ്.

## IV. അവസാന തീയതികൾ

1. വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി **30.10.2020**
2. ഓൺലൈനായി രജിസ്ട്രേഷൻ പ്രിന്റൗട്ടും, മറ്റു അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി **05.11.2020**
3. സ്ഥാപനമേധാവി ടി അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി **10.11.2020**

അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
ഡയറക്ടർക്കുവേണ്ടി

"ഭരണഭാഷ മാതൃഭാഷ"

നം.ടി1/24056/2020/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 24 /08/2020
ഫോൺ: 0471-2306580
Email: postmatricscholarship@gmail.com

## സർക്കുലർ

### പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് (2020-21)

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 2020-21 ഓൺലൈൻ അപേക്ഷകൾ വിദ്യാർത്ഥികളിൽ നിന്നും സ്വീകരിയ്ക്കുന്നതിനായി വെബ്സൈറ്റ് ഓപ്പൺചെയ്തിട്ടുള്ളത് സംബന്ധിച്ച്

സൂചന: 1)കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നുള്ള 14-08-2020-ാം തീയതിയിലെ കത്ത് നമ്പർ. F.No.SS-15/19/2020 Scholarship - MoMA
2)കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുള്ള 14.08.2020 തീയതിയിലെ ഇ-മെയിൽ.

******

കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിൽ ഉൾപ്പെട്ട (മുസ്ലീം/ക്രിസ്ത്യൻ/ സിഖ്/ബുദ്ധ/പാഴ്സി/ജൈന) പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് 2020-21 കാലയളവിൽ നൽകുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസിനായി www.scholarships.gov.in എന്ന വെബ്സൈറ്റ് വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനായി ഓപ്പൺ ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നിശ്ചയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി www.scholarships.gov.in എന്ന വെബ്സൈറ്റിലെ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ എന്ന വെബ് പേജ് മുഖാന്തിരം 2020 ഒക്ടോബർ 31-ാം തീയതി വരെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി ഓൺലൈൻ അപേക്ഷകൾ (ഫ്രഷ്/റിന്യൂവൽ) സമർപ്പിക്കാവുന്നതാണ്. ഓൺലൈനായല്ലാതെ സമർപ്പിക്കപ്പെടുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്കോളർഷിപ്പിന് പരിഗണിക്കുന്നതല്ല.



D/C

## സ്കോളർഷിപ്പ് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ

1) അപേക്ഷകർ കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലീം/ക്രിസ്ത്യൻ/സിഖ്/ബുദ്ധ/പാർസി/ജൈന സമുദായങ്ങളിലൊന്നിൽ ഉൾപ്പെട്ടവരായിരിക്കണം.

2) അപേക്ഷകർ താഴെപറയുന്ന കോഴ്സുകളിലൊന്നിലെ വിദ്യാർത്ഥിയും തൊട്ട് മുൻവർഷത്തെ ബോർഡ്/യൂണിവേഴ്സിറ്റി പരീക്ഷയിൽ 50% ത്തിൽ കുറയാത്ത മാർക്കോ, തത്തുല്യ ഗ്രേഡോ ലഭിച്ചവരും ആയിരിക്കണം.

(i) ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ ഹയർസെക്കന്ററി/ ഡിപ്ലോമ/ബിരുദം/ബിരുദാനന്തരബിരുദം/എം.ഫിൽ/പി.എച്ച്.ഡി കോഴ്സുകൾക്ക് പഠിക്കുന്നവർ

(ii) എൻ.സി.വി.ടി യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.ടി.ഐ/ഐ.ടി.സി സെന്ററുകളിലെയും ടെക്നിക്കൽ/വൊക്കേഷണൽ സ്കൂളുകളിലെയും ഹയർ സെക്കണ്ടറി തത്തുല്യ കോഴ്സുകളിൽപഠിക്കുന്നവർ

(iii) മെറിറ്റ് കം മീൻസ് സ്കോളർഷിപ്പിന്റെ പരിധിയിൽവരാത്ത കോഴ്സുകളിൽ പഠിക്കുന്നവർ.

3) കോഴ്സിന്റെ മുൻവർഷം സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾ മുൻവർഷത്തെ രജിസ്ട്രേഷൻ ഐ.ഡി ഉപയോഗിച്ച് റിന്യൂവലായി അപേക്ഷിക്കേണ്ടതാണ്.

4)അപേക്ഷകരുടെ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

5)അപേക്ഷകർ മറ്റ് സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റോ കൈപ്പറ്റുന്നവർ ആയിരിക്കരുത്

6)അപേക്ഷകർക്ക് ഐ.എഫ്.എസ്.സി കോഡുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ ആക്ടീവായ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.

7) കേരളത്തിന് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികൾ കേരളം Domicile ആയി തിരഞ്ഞെടുത്ത് ഓൺലൈൻ ആയി അപേക്ഷിക്കേണ്ടതാണ്.

8)ഒരേ കുടുംബത്തിൽപ്പെട്ട രണ്ടിൽ കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതല്ല.

9)അപേക്ഷകർക്ക് നിർബന്ധമായും സ്ഥിരമായ ഒരു മൊബൈൽ നമ്പർ ഉണ്ടായിരിക്കണം.

10)വിദ്യാർത്ഥികൾക്ക് നിർബന്ധമായും ആധാർ നമ്പർ ഉണ്ടായിരിക്കേണ്ടതും ഇത് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കേണ്ടതുമാണ്.

11)സ്കോളർഷിപ്പ് നൽകുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

12) സ്കോളർഷിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ, അപേക്ഷിക്കേണ്ട രീതി, തുടർ നടപടി എന്നിവ കേന്ദ്രഗവൺമെന്റിന്റെ National Scholarship Portal ആയ <u>www.scholarships.gov.in</u> ൽ ലഭ്യമാണ്.

13). ഫ്രഷ്, റിന്യൂവൽ അപേക്ഷകൾ <u>www.scholarships.gov.in</u> എന്ന വെബ്സൈറ്റിലൂടെ **<u>2020 ഒക്ടോബർ 31 നകം</u>** <u>ഓൺലൈനായി</u> സമർപ്പിക്കേണ്ടതാണ്. **<u>മാനുവൽ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല</u>**.

14) വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിച്ചശേഷമുള്ള അപേക്ഷ ഫോമിന്റെ പ്രിന്റൗട്ട് അനുബന്ധ രേഖകളുടെ പകർപ്പുകൾ സഹിതം പഠിക്കുന്ന സ്ഥാപനത്തിൽ ഏൽപ്പിക്കുകയും ആപ്ലിക്കേഷൻ ഐ.ഡി. വിദ്യാർത്ഥികൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

15) 2020-21 അദ്ധ്യയന വർഷത്തെ ഫീസ് വിവരങ്ങൾ ഇൻസ്റ്റിറ്റ്യൂഷൻ ലെവലിൽ പൂരിപ്പിക്കേണ്ടതാണ്.

16). ഇൻസ്റ്റിറ്റ്യൂഷൻസിലെ സ്കോളർഷിപ്പ് നോഡൽ ഓഫീസർമാർ ഓൺലൈനായി ലഭിച്ച അപേക്ഷകൾ വെരിഫൈ ചെയ്ത് അപ്രൂവ് നൽകേണ്ടതും, അപേക്ഷകൾ അതാത് ഇൻസ്റ്റിറ്റ്യൂഷനിൽ സൂക്ഷിക്കേണ്ടതുമാണ്. ഈ അപേക്ഷകൾ സ്കോളർഷിപ്പ് സ്റ്റേറ്റ് നോഡൽ ഓഫീസർ അതതു സ്ഥാപനങ്ങളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതാണ്. പരിശോധന സമയത്ത് അപാകത ബോധ്യപ്പെട്ടാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് റദ്ദാക്കുന്നതും ഇൻസ്റ്റിറ്റ്യൂഷൻ നോഡൽ ഓഫീസർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതും ടിയാന്റെ അശ്രദ്ധമൂലം കുട്ടികൾക്കും സർക്കാരിനും ഉണ്ടാകുന്ന ബാധ്യതയ്ക്ക് ടിയാൾ മാത്രമായിരിക്കും ഉത്തരവാദിയെന്നുമുള്ള വിവരം അറിയിക്കുന്നു.

17) വ്യാജ അപേക്ഷകൾ സമർപ്പിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

********************

താഴെപ്പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതും ആയതിന്റെ പകർപ്പ് വിദ്യാഭ്യാസ സ്ഥാപന ഓഫീസിൽ നൽകേണ്ടതുമാണ്.

1. കുടുംബ വാർഷിക വരുമാനം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (നിയമം അനുശാസിയ്ക്കുന്ന കാലാവധിയ്ക്കുള്ളിലെ)
2. എസ്.എസ്.എൽ.സി.സർട്ടിഫിക്കറ്റ്
3. ഫോട്ടോ
4. ആധാർ കാർഡ്
5. ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ തുടങ്ങിയവ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

4. ഓൺലൈൻ അപേക്ഷയിലെ വിവരങ്ങളിലും വിദ്യാർത്ഥികൾ തങ്ങളുടെ ഇൻസ്റ്റിറ്റ്യൂഷൻസിൽ സമർപ്പിക്കുന്ന പ്രിന്റൗട്ടിലെയും അനുബന്ധരേഖകളുടെ പകർപ്പുകളിലേയും വിവരങ്ങളിൽ വ്യത്യാസം ഉണ്ടാകരുത്.

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 2020-21 സംബന്ധിച്ച വിശദാംശങ്ങൾ www.scholarships.gov.in, www.minorityaffairs.gov.in, www.dcescholarship.kerala.gov.in, www.collegiateedu.kerala.gov.in എന്നീ വെബ് സൈറ്റുകളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് postmatricscholarship@gmail.com എന്ന ഇ-മെയിൽ ഐ.ഡിയിലോ 0471-2306580, 9446096580, 9446780308 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്.

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

"ഭരണഭാഷ, മാതൃഭാഷ"

ക്യു4/102148/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: **27.08.2020**

## അറിയിപ്പ്

സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് 2020-21 ഫ്രഷായിട്ട് അപേക്ഷിക്കാനും റിന്യൂ ചെയ്യാനും നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ ഓപ്പൺ ചെയ്യുന്നത് സംബന്ധിച്ച്.

കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം കോളേജ്/സർവകലാശാല വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ **http:/www.scholarships.gov.in** അദ്ധ്യയന വർഷം 2020-21 അപേക്ഷിക്കാനുള്ള നിശ്ചിത തീയതികൾ താഴെ വിവരിക്കും പ്രകാരമാണ്.

സൈറ്റ് ഓപ്പൺചെയ്ത തീയതി -16-08-2020

അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി: 31-10-2010

ഇതിന്റെ അടിസ്ഥാനത്തിൽ മുൻപ് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷ സമർപ്പിച്ച ഫ്രഷ്, 2019 , 1st റിന്യൂവൽ, 2018, 2nd റിന്യൂവൽ, 2017, 3rd റിന്യൂവലും , 2016 ഉം പുതുതായി അപേക്ഷിക്കുന്നവർക്കും അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31-10-2020 ആണ്. സൈറ്റിൽ വിശദവിവരങ്ങൾക്ക് അറ്റാച്ച് ചെയ്തിരിക്കുന്ന ഗൈഡ്‌ലൈൻസ് പരിശോധിക്കുക. അല്ലെങ്കിൽ സ്കോളർഷിപ്പ് പോർട്ടലിന്റെ ഹോം പേജിൽ **services, Nodal Officer, Department of Higher Education (CSSS)** എന്ന ലിങ്കിൽ അതാത് എഡ്യൂക്കേഷൻ ബോർഡിന്റെ നോഡൽ ഓഫീസർമാരുടെ വിവരം നൽകിയിട്ടുണ്ട്.



സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

എൻ.ബി. ഹയർസെക്കണ്ടറി പാസായി കോളേജുകളിൽ തുടർപഠനം നടത്തുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്

"ഭരണഭാഷ, മാതൃഭാഷ"

ക്യു4/102148/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 27.08.2020

## സർക്കുലർ

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം കോളേജ്/സർവ്വകലാശാല വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് കേരള സ്റ്റേറ്റ് ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി ബോർഡുകൾ നടത്തിയ 12–ാം ക്ലാസ്സ് പരീക്ഷയിൽ 80% മാർക്കുവാങ്ങി വിജയിച്ചവരും ഏതെങ്കിലും ബിരുദ കോഴ്സിന് ഒന്നാം വർഷം പഠിക്കുന്നവരുമായിരിക്കണം അപേക്ഷകർ. ഇന്ത്യാ ഗവൺമെന്റ് നിർദ്ദേശിക്കുന്ന താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും സ്കോളർഷിപ്പനുവദിക്കുന്നത്.

**സ്കോളർഷിപ്പ് ഫ്രഷായി അപേക്ഷിക്കാനുള്ള മാനദണ്ഡം**

1). അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ കുറഞ്ഞത് 80% മാർക്ക് നേടിയവരും വാർഷിക കുടുംബ വരുമാനം 8 ലക്ഷം രൂപ കവിയാത്തവരുമായിരിക്കണം.

2). അപേക്ഷകർ അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സിന് പഠിക്കുന്നവരായിരിക്കണം. പ്ലസ്ടു കഴിഞ്ഞ് തുടർപഠനം നടത്തുന്നവരായിരിക്കണം.

3). മറ്റേതെങ്കിലും സ്കോളർഷിപ്പുകൾ വാങ്ങുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

4). ആകെ സ്കോളർഷിപ്പിന്റെ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

5). 15% സ്കോളർഷിപ്പുകൾ എസ്.സി. വിഭാഗത്തിനും 75% സ്കോളർഷിപ്പുകൾ എസ്.ടി. വിഭാഗത്തിനും 27% സ്കോളർഷിപ്പുകൾ ഒ.ബി.സി. വിഭാഗത്തിനും ഓരോ വിഭാഗത്തിലും 5% ഭിന്നശേഷി വിഭാഗത്തിനും നീക്കി വച്ചിരിക്കുന്നു.

6). അപേക്ഷകർ 18-25 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.

സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ താഴെപ്പറയുന്ന രേഖകൾ കൂടി സ്ഥാപനമേധാവിയ്ക്ക് സമർപ്പിച്ചിരിക്കണം.

1). ബന്ധപ്പെട്ട അധികാരിയിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.

2). ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറിയുടെ മാർക്ക് ലിസ്റ്റിന്റെ അസ്സൽ പകർപ്പ്.

3). ജാതി, ശാരീരിക വൈകല്യം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ (SC/ST/OBC/PH വിദ്യാർത്ഥികൾ)

4). വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനമേധാവിയിൽ നിന്നുള്ള പ്രവേശന റിപ്പോർട്ട്.

2020-21 ൽ കേരളത്തിൽ അനുവദിക്കുന്ന ആകെ സ്കോളർഷിപ്പ് 2324 ആണ്. ബിരുദതലം മുതൽ (പ്രൊഫഷണൽ കോഴ്സുൾപ്പെടെ) പരമാവധി 5 വർഷത്തേക്ക് നൽകുന്നു. സ്കോളർഷിപ്പ് സയൻസ്, കോമേഴ്സ്, ഹ്യുമാനിറ്റീസ് എന്നീ ഗ്രൂപ്പുകൾക്ക് 3:2:1 എന്ന അനുപാതത്തിൽ വീതിച്ചു നൽകും. ബിരുദതലത്തിൽ പ്രതിമാസം 1000/- രൂപയും ബിരുദാനന്തര ബിരുദതലത്തിൽ പ്രതിമാസം 2000/- രൂപയുമാണ് സ്കോളർഷിപ്പ് തുക. ഒരു അദ്ധ്യയന വർഷം പരമാവധി 10 മാസമാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. ഒന്നാം മാസം പ്രവേശനം ലഭിച്ച മാസം മുതലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

**സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് പുതുക്കുവാനുള്ള മാനദണ്ഡം**

1). തൊട്ടുമുമ്പുള്ള പരീക്ഷയിൽ കുറഞ്ഞത് 50% മാർക്കുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 2-ാം വർഷം മുതൽ പുതുക്കി നൽകും.

2). 75% അറ്റൻഡൻസ് ഉണ്ടായിരിക്കണം.

വിശദവിവരങ്ങൾക്ക് താഴെ അറ്റാച്ച് ചെയ്തിരിക്കുന്ന ഗൈഡ്‌ലൈൻസ് പരിശോധിക്കുക. **[for more informations please see the guide lines attached below]**

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

[illegible] (27/08/2020)

നം.ടി4/101384/2020/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 1/10/2020
ഫോൺ: 0471-2308680
email: postmatricscholarship@gmail.com

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 2020-21 –വെബ്സൈറ്റ് വിദ്യാർത്ഥികൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന് ഓപ്പൺ ചെയ്തിട്ടുള്ളത് സംബന്ധിച്ച്

സൂചന:- കേന്ദ്ര സർക്കാരിൽ നിന്നുള്ള 24-08-2020-ാം തീയതിയിലെ **F.no.2-11017/2020 –SCH** നമ്പർ കത്ത്.

സൂചന പ്രകാരം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റെ വെബ്സൈറ്റ് വിദ്യാർത്ഥികൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന് ഓപ്പൺ ചെയ്തിട്ടുള്ളതായി അറിയിക്കുന്നു. വിദ്യാർത്ഥികളും സ്ഥാപനമേധാവികളും വെബ്സൈറ്റിൽ നൽകിയിട്ടുള്ള ലോഗിൻ ഓപ്ഷനുകൾ ഉപയോഗിക്കേണ്ടതാണ്. സ്കോളർഷിപ്പ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു.

കേരളത്തിലെ വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന കേന്ദ്രസർക്കാരിന്റെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠനം നടത്തുന്ന, 40% ൽ കുറയാതെ ഡിസ്എബിലിറ്റിയുള്ളതും പരമാവധി 2,50,000/- രൂപയിൽ കവിയാതെ കുടുംബവാർഷിക വരുമാനമുള്ളതുമായ വിദ്യാർത്ഥികൾക്ക് നിശ്ചയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി "**www.scholarships.gov.in** "എന്ന വെബ്സൈറ്റിലെ (നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ) മുഖാന്തിരം ഓൺലൈനായി 2020 ഒക്ടോബർ 31-ാം തീയതിക്ക് മുമ്പായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. സ്കോളർഷിപ്പിനായി മാന്യുവലായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഇന്ത്യാഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റിന് കീഴിൽ **Department of Empowerment of persons with Disabilities** നേരിട്ട് നടപ്പിലാക്കുന്ന ഈ സ്കോളർഷിപ്പിന്റെ തുക വിതരണം ചെയ്യുന്നത് കേന്ദ്രസർക്കാരിന്റെ **Public, Financial Management System (PFMS)** എന്ന വെബ് സൈറ്റ് മുഖാന്തിരമാണ്. സ്കോളർഷിപ്പ് സംബന്ധിച്ച പൊതുവായ നിർദേശങ്ങളും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള ഗൈഡ്ലൈൻസും താഴെ ചേർക്കുന്നു.

സ്കോളർഷിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റായ **"www.collegiateedu.kerala.gov.in"** എന്ന വെബ്സൈറ്റിലെ സ്കോളർഷിപ്പ് എന്ന ലിങ്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9446096580, 9446780308, 0471 -2306580 ഇ-മെയിൽ ഐ.ഡി. postmatricscholarship@gmail.com

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സംബന്ധിച്ച പൊതുവായ നിർദ്ദേശങ്ങൾ

1). സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളുടെ ആപ്ലിക്കേഷൻ ഐ.ഡി, പാസ്‌വേഡ് എന്നിവ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തശേഷം രേഖപ്പെടുത്തി കൈവശം സൂക്ഷിക്കേണ്ടതാണ്.

2). ഓൺലൈനായി അപേക്ഷിച്ച ശേഷമുള്ള അപേക്ഷ ഫോമിന്റെ പ്രിന്റ് ഔട്ട് പഠിക്കുന്ന സ്ഥാപനത്തിൽ ഏൽപ്പിക്കേണ്ടതും സ്ഥാപന മേധാവികൾ ആയത് വെരിഫൈ ചെയ്ത് അപ്രൂവ് നൽകേണ്ടതും അപേക്ഷകൾ അതാത് ഇൻസ്റ്റിറ്റ്യൂഷൻസിൽ സൂക്ഷിക്കേണ്ടതുമാണ്. ഈ അപേക്ഷകൾ സ്കോളർഷിപ്പ് സ്റ്റേറ്റ് നോഡൽ ഓഫീസർ അതതു സ്ഥാപനങ്ങളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതാണ്. പരിശോധന സമയത്ത് അപാകത ബോദ്ധ്യപ്പെട്ടാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് റദ്ദാക്കുന്നതും ഇൻസ്റ്റിറ്റ്യൂഷൻ നോഡൽ ഓഫീസർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതും ടിയാന്റെ അശ്രദ്ധമൂലം കുട്ടികൾക്കും സർക്കാരിനും ഉണ്ടാകുന്ന ബാധ്യതയ്ക്ക് ടിയാൾ മാത്രമായിരിക്കും ഉത്തരവാദിയെന്നുമുള്ള വിവരം അറിയിക്കുന്നു.

3). അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളുടെ മതം ബാധകമല്ല.

4). അപേക്ഷകരായ വിദ്യാർത്ഥികൾക്ക് ഒരു ദേശസാൽകൃത ബാങ്കിൽ ആക്ടീവായിട്ടുള്ള അക്കൗണ്ട് ഉണ്ടായിരിക്കണം.

5). സ്കോളർഷിപ്പിന് അപേക്ഷിക്കുന്നവർ സ്കോളർഷിപ്പിന്റെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ നമ്പർ തുടങ്ങിയ വിവരങ്ങൾ കൃത്യമായി ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്.

ഒപ്പ്/-
കെ.ജയചന്ദ്രൻ
സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

അംഗീകാരത്തോടെ

സൂപ്രണ്ട്

നം.ആർ4/101495/2020/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം
തീയതി : 14/10/2020

## വിജ്ഞാപനം

സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലും വിവിധ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും ബിരുദ ബിരുദാനന്തര കോഴ്സുകളിൽ **2020-21** അദ്ധ്യയന വർഷം 1-ാം വർഷ ക്ലാസ്സിൽ പ്രവേശനം ലഭിച്ച ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബത്തിലെ വിദ്യാർത്ഥികളിൽ നിന്നും കേരള സ്റ്റേറ്റ് സുവർണ്ണ ജൂബിലി മെരിറ്റ് സ്കോളർഷിപ്പിനുവേണ്ടി അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ് സൈറ്റായ www.dcescholarship.kerala.gov.in - ൽ Suvarna Jubilee Merit Scholarship (SJMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **20/10/2020** മുതൽ ഓൺലൈൻ ആയി അപേക്ഷിക്കാം.

**യോഗ്യത:-**

(എ) അപേക്ഷകർ 2020-21 അധ്യായന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകൾ ഇവയിലേതിലെങ്കിലും ഒന്നാം വർഷ ബിരുദ/ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളായിരിക്കണം

(ബി) അപേക്ഷകർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ അംഗമായിരിക്കണം.

(സി) യോഗ്യത പരീക്ഷയിൽ 50% -ൽ അധികം മാർക്ക് നേടിയിരിക്കണം.

**II സ്കോളർഷിപ്പ്തുക**

പ്രതിവർഷം **10,000**/- (പതിനായിരം) രൂപ

**III ബന്ധപ്പെട്ട മറ്റുവിവരങ്ങൾ:-**

1. അപേക്ഷകർക്ക് ഐ.എഫ്.എസ്.സി കോഡ് സൗകര്യമുള്ള ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
2. ഓരോ സ്ഥാപനത്തിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

3. ആകെയുള്ളതിന്റെ 10% സ്കോളർഷിപ്പുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം ചെയ്തിരിക്കുന്നു.
4. 10 സ്കോളർഷിപ്പുകൾ വികലാംഗർക്കായി സംവരണം ചെയ്തിരിക്കുന്നു.
5. 5 സ്കോളർഷിപ്പുകൾ സംസ്ഥാന ദേശീയതലത്തിൽ കലാകായിക രംഗങ്ങളിൽ മികവ് പുലർത്തുന്നവർക്കായി സംവരണം ചെയ്തിരിക്കുന്നു.
6. മറ്റേതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പുകളോ സ്റ്റൈപ്പെന്റുകളോ കൈപ്പറ്റുന്ന വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയില്ല. (പട്ടികജാതി /പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ലംപ്സം ഗ്രാന്റിനെ ഈ നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സ്കോളർഷിപ്പിന് അർഹരായവരെ കണ്ടെത്തി കോളേജ് കൗൺസിലിന്റെ അംഗീകാരത്തോടുകൂടി സ്ഥാപന മേധാവി തയ്യാറാക്കുന്ന ലിസ്റ്റും ഖണ്ഡിക (5) പ്രകാരമുള്ള രേഖകളും അതാത് സ്ഥാപനങ്ങളിൽ സൂക്ഷിയ്ക്കേണ്ടതാണ്.

IV <u>അപേക്ഷിക്കേണ്ട രീതി:-</u>

1. വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി **20/10/2019** മുതൽ അപേക്ഷിക്കാവുന്നതാണ്. ഇതിനായി www.dcescholarship.kerala.gov.in എന്ന വെബ് സൈറ്റിലെ Suvarnajubilee Merit Scholarship (SJMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Apply online-ൽ ക്ലിക്ക് ചെയ്യുക
3. മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.
4. അല്ലെങ്കിൽ New Registration -ൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്ത് submit ക്ലിക്ക് ചെയ്യുക.
5. സ്കോളർഷിപ്പ് പേജിൽ (SJMS) എന്ന ടാബിൽ ക്ലിക്ക് ചെയ്യുക.
6. കുടുംബ വാർഷിക വരുമാനം പൂരിപ്പിക്കുക.
7. SC / ST ആണോ OBC ആണോ PH ആണോ കലാകായിക രംഗങ്ങളിൽ സംസ്ഥാന ദേശീയ തലങ്ങളിൽ മികവു പുലർത്തിയിട്ടുണ്ടോ എന്നീ വിവരങ്ങൾ സെലക്ട് ചെയ്യുക.
8. Submit ക്ലിക്ക് ചെയ്യുക.
9. ഓൺലൈനിലൂടെ അപേക്ഷ നൽകിയതിനുശേഷം view / Print Application ക്ലിക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് എടുത്തിരിക്കണം.

10. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട്, ഭാഗം 6-ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

11. വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻവഴി സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ് (Verification)

12. സൂക്ഷ്മ പരിശോധന നടത്തി കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം(Approval)

13. ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഓഫീസിലെ ഇൻസ്പെക്ഷൻ ടീമിന് ഇവ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

14. Verification and Approval അതാത് സ്ഥാപനങ്ങളിൽ നിർബന്ധമായും നടത്തേണ്ടതാണ്.

V <u>സ്ഥാപനമേധാവിക്കു സമർപ്പിക്കേണ്ട രേഖകൾ</u>

1. അപേക്ഷകന്റെ ആറ് മാസത്തിനകം എടുത്ത പാസ്സ്പോർട്ട് സൈസ് ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റ് ഔട്ട് (ഇതിൽ സ്ഥാപനമേധാവി ഒപ്പ് രേഖപ്പെടുത്തിയിരിക്കണം)
2. എസ്.എസ്.എൽ.സി-മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. അപേക്ഷകന്റെ സ്വന്തംപേരിലുള്ള ബാങ്ക് പാസ്ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച്കോഡ്, ബ്രാഞ്ചിന്റെ അഡ്രസ് ഇവ ഉൾപ്പെടുത്തിയിരിക്കണം)
4. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
5. അപേക്ഷകർ ബി.പി.എൽ കുടുംബത്തിൽപ്പെട്ട അംഗമാണെന്ന് തെളിയിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി/ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് വരുമാന സർട്ടിഫിക്കറ്റ്
6. യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
7. പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം.

8. കലാകായിക മേഖലകളിൽ പ്രാവീണ്യമുള്ളവർക്ക് അത് തെളിയിക്കുന്നതിനുള്ള രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

9. വികലാംഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആയത് തെളിയിക്കുന്നതിനുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

10. ആധാർ കാർഡിന്റെ കോപ്പി.

VI <u>അവസാന തീയതികൾ</u>:-

1. ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേണ്ട അവസാനതീയതി: **01/12/2020.**

2. രജിസ്ട്രേഷൻ പ്രിന്റൗട്ടും അനുബന്ധ രേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി: **07/12/2020.**

3. സ്ഥാപനമേധാവികൾ ഓൺലൈൻ വഴി verification -ഉം Approval ഉം പൂർത്തിയാക്കേണ്ട അവസാന തീയതി: **15/12/2020.**

മേൽ പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ പൂർണ്ണ ഉത്തരവാദിത്തം സ്ഥാപനമേധാവിയ്ക്ക് മാത്രമായിരിക്കും എന്ന് കൂടി അറിയിക്കുന്നു.

**സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ**
**കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

ss/14/10/2020

"ഭരണഭാഷ – മാതൃഭാഷ"

R4/101495/2020/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി: 14/10/20

## സുവർണ്ണജൂബിലി മെറിറ്റ് സ്കോളർഷിപ്പ് പുതുക്കൽ വിജ്ഞാപനം 2020–21

കേരളത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ,യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും പഠിക്കുന്ന ബിരുദ,ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 2020–21 അദ്ധ്യയന വർഷം,സുവർണ്ണജൂബിലി മെറിറ്റ് സ്കോളർഷിപ്പ് പുതുക്കി നൽകുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം 20/10/2020 മുതൽ സമർപ്പിക്കാവുന്നതാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarslp.kerala.gov.in ൽ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം.

1) യോഗ്യതകൾ

എ) 2018-19, 2019-20 വർഷങ്ങളിൽ പ്രസ്തുത സ്കോളർഷിപ്പിന് അർഹരായവരും ഇപ്പോൾ തുടർന്ന് പഠിക്കുന്നവരുമായ രണ്ട്,മൂന്ന് വർഷ ഡിഗ്രി , രണ്ടാം വർഷം പി.ജി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പുതുക്കലിന് അപേക്ഷിക്കാവുന്നതാണ്.

ബി) ഡിഗ്രി II year -ന് സുവർണ്ണജൂബിലി സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ 60%-ത്തിൽ കുറയാതെയുള്ള I സെമസ്റ്ററിന്റെ മാർക്കും മൂന്നാം വർഷത്തിനപേക്ഷിക്കുന്ന വിദ്യാർത്ഥികൾ II & III സെമസ്റ്റർ മാർക്കിന്റെയും അടിസ്ഥാനത്തിൽ അപേക്ഷ നൽകാവുന്നതാണ്. PG II year -ന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ 60%-ത്തിൽ കുറയാതെയുള്ള I സെമസ്റ്ററിന്റെ മാർക്ക് ലിസ്റ്റ് ഉപയോഗിച്ച് അപേക്ഷ നൽകാവുന്നതാണ്.

2) സ്കോളർഷിപ്പ് തുക:-

പ്രതിവർഷം 10,000/- (പത്തായിരം) രൂപ

**3)ബന്ധപ്പെട്ട മറ്റു വിവരങ്ങൾ**

അപേക്ഷകർക്ക് ഐ.എഫ്.എസ്. കോഡ് ഉളള ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.

**4) അപേക്ഷിക്കേണ്ട രീതി**

വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി 1/12/2020 വരെ സമർപ്പിക്കാവുന്നതാണ്. ഇതിനായി

എ) **www.dcescholarship.kerala.gov.in** എന്ന വെബ്സൈറ്റിലെ **suvarnajubilee merit scholarship (SJMS)** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

ബി) വലതുവശത്തെ **Renewal button** ക്ലിക്ക് ചെയ്യുക.

സി) അപേക്ഷകൻ പഠിക്കുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന **District, Institution type** എന്നിവ സെലക്റ്റ് ചെയ്യുക.

ഡി) അപേക്ഷർ പഠിയ്ക്കുന്ന സ്ഥാപനത്തിന്റെ പേര് സെലക്ട് ചെയ്യുക.

ഇ) അപേക്ഷകർ പഠിക്കുന്ന കോഴ്സിൽ അഡ്മിഷൻ നേടിയ വർഷം സെലക്ട് ചെയ്യുക.

എഫ്) അപേക്ഷകന്റെ പേര് സെലക്ട് ചെയ്യുക.

ജി) രജിസ്ട്രേഷൻ ഐ.ഡി പൂരിപ്പിക്കുക. ആവശ്യമായ എല്ലാ വിവരങ്ങളും പൂരിപ്പിച്ചതിനുശേഷം **Submit** ക്ലിക്ക് ചെയ്യുക.

എച്ച്) ഓൺലൈനിലൂടെ അപേക്ഷ നൽകിയതിനുശേഷം **view/Print** എടുക്കുക.

ഐ) **Registration Form** ന്റെ **Printout** അനുബന്ധ രേഖകൾ സഹിതം ഇപ്പോൾ പഠിയ്ക്കുന്ന സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

ജെ) വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും **Registration Printout** ഉം ഓൺലൈൻ വഴി സ്ഥാപനമേധാവി പരിശോധിക്കേണ്ടതാണ്.(verification)

കെ) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവ ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം.(Approval)

(എൽ) ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാത് സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ ഇൻസ്പെക്ഷൻ ടീമിന് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

(എം) ഓൺലൈനിലൂടെ വെരിഫിക്കേഷനും അപ്രൂവലും നൽകാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**<u>(III) സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ</u>**

എ) **Registration Printout**

ബി) അപേക്ഷകന്റെ സ്വന്തം പേരിലുള്ള **Bank Passbook** ന്റെ ഒന്നാമത്തെ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ച് അഡ്രസ് ഇവ ഉൾപ്പെടുത്തണം)

സി) മുൻ അദ്ധ്യയന വർഷത്തിലെ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (റിസൾട്ട് പബ്ലിഷ് ചെയ്തിട്ടില്ലെങ്കിൽ വിദ്യാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങേണ്ടതും, മാർക്ക്ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്.)

ഡി) ആധാർകാർഡിന്റെ പകർപ്പ്

**<u>(IV) അവസാന തീയതികൾ</u>**

എ) വിദ്യാർത്ഥികൾ ഓൺലൈൻ വഴി അപേക്ഷകൾ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : **1/12/2020.**

ബി) **Registration Printout** ഉം മറ്റ് അനുബന്ധ രേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി: **07/12/2020.**

സി) സ്ഥാപനമേധാവി സൂക്ഷ്മപരിശോധനക്ക് ശേഷം ഓൺലൈൻ വഴി അപേക്ഷകർ അംഗീകരിക്കേണ്ട അവസാന തീയതി : **15/12/2020.**

മേൽ പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ പൂർണ്ണ ഉത്തരവാദിത്വം സ്ഥാപനമേധാവിയ്ക്ക് മാത്രമായിരിക്കും എന്ന് കൂടി അറിയിക്കുന്നു.

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

d/14/10/2020

R4/47137/2023/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 03.04.2024

**അറിയിപ്പ്**

**സുവർണ്ണജൂബിലി മെരിറ്റ്**
**സ്കോളർഷിപ്പ് പുതുക്കൽ വിജ്ഞാപനം 2023-24**

കേരളത്തിലെ ആർട്ട്സ് ആൻറ് സയൻസ് കോളേജുകളിലും ,യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെൻറുകളിലും പഠിക്കുന്ന ബിരുദ( മൂന്നാം വർഷ) വിദ്യാർത്ഥികൾക്ക് 2023-24 അദ്ധ്യയന വർഷം,സുവർണ്ണജൂബിലി മെരിറ്റ് സ്കോളർഷിപ്പ് പുതുക്കി നൽകുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം03/04/2024 മുതൽ സമർപ്പിക്കാവുന്നതാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ സ്കോളർഷിപ്പ് വെബ്സൈറ്റായ **www.dcescholarsip.kerala.gov.in** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം.

**1) യോഗ്യതകൾ**

എ) 2022-23 വർഷങ്ങളിൽ പ്രസ്തുത സ്കോളർഷിപ്പിന് അർഹരായവരും ഇപ്പോൾ തുടർന്ന് പഠിക്കുന്നവരുമായ മൂന്നാം വർഷ ഡിഗ്രി , വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പുതുക്കലിന് അപേക്ഷിക്കാവുന്നതാണ്.

**2) സ്കോളർഷിപ്പ് തുക:-**

പ്രതിവർഷം 10,000/- (പത്തായിരം) രൂപ

**3)ബന്ധപ്പെട്ട മറ്റു വിവരങ്ങൾ**

അപേക്ഷകർക്ക് ഐ.എഫ്.എസ്.സി. കോഡ് ഉള്ള ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉൺണ്ടായിരിക്കണം.

**4) അപേക്ഷിക്കേണ്ട രീതി**

വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി 03/04/2024 വരെ സമർപ്പിക്കാവുന്നതാണ്. ഇതിനായി

എ) **www.dcescholarsip.kerala.gov.in** എന്ന വെബ്സൈറ്റിലെ **suvarnajubilee merit scholarship (SJMS)**ക്ലിക്ക് ചെയ്യുക.

ബി) വലതുവശത്തെ **Renewal button** ക്ലിക്ക് ചെയ്യുക.

സി) അപേക്ഷകൻ പഠിക്കുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന **District, Institution type** എന്നിവ സെലക്റ്റ് ചെയ്യുക.

ഡി) അപേക്ഷർ പഠിയ്ക്കുന്ന സ്ഥാപനത്തിൻറെ പേര് സെലക്ട് ചെയ്യുക.

ഇ) അപേക്ഷകർ പഠിക്കുന്ന കോഴ്സിൽ അഡ്മിഷൻ നേടിയ വർഷം സെലക്ട് ചെയ്യുക.

എഫ്) അപേക്ഷകൻറെ പേര് സെലക്ട് ചെയ്യുക.

ജി) രജിസ്ട്രേഷൻ ഐ.ഡി.പൂരിപ്പിക്കുക. ആവശ്യമായ എല്ലാ വിവരങ്ങളും പൂരിപ്പിച്ചതിനുശേഷം **SUBMIT** ക്ലിക്ക് ചെയ്യുക.

എച്ച്) ഓൺലൈനിലൂടെ അപേക്ഷ നൽകിയതിനുശേഷം **view/Print** എടുക്കുക.

ഐ) **Registration Form** ൻറെ **Printout** അനുബന്ധ രേഖകൾ സഹിതം ഇപ്പോൾ പഠിയ്ക്കുന്ന സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കേൺതാണ്.

ജെ) വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും **Registration Printout** ഉം ഓൺലൈൻ വഴി സ്ഥാപനമേധാവി പരിശോധിക്കേൺതാണ്. **(verification)**

സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം**(Approval)**

(എൽ) ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാത് സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ് . കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

Scanned with OKEN Scanner

(എം) ഓൺലൈനിലൂടെ വെരിഫിക്കേഷനും അപ്രൂവലും നൽകാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**(III)** സ്ഥാപനമേധാവിക്ക് സമർപ്പിക്കേൺണ്ട രേഖകൾ

എ) **Registration Printout**

ബി) അപേക്ഷകൻറെ സ്വന്തം പേരിലുള്ള **Bank Passbook** ൻറെ ഒന്നാമത്തെ പേജിൻറെ സ്വയം സാക്ഷ്യപ്പെട്ടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, BRANCH കോഡ്, BRANCH അഡ്രസ് ഇവ ഉൾപ്പെട്ടുത്തണം)

സി) മുൻ അദ്ധ്യയന വർഷത്തിലെ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിൻറെ സ്വയം സാക്ഷ്യപ്പെട്ടുത്തിയ പകർപ്പ്. (റിസൽറ്റ് പബ്ലിഷ് ചെയ്തിട്ടില്ലെങ്കിൽ വിദ്യാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങേണ്ടതും അപേക്ഷ VERIFICATION ഉം APPROVAL ഉം ചെയ്ത് നൽകേണ്ടതുമാണ്.

ഡി) ആധാർകാർഡിൻറെ പകർപ്പ്

**(IV) അവസാന തീയതികൾ**

എ) വിദ്യാർത്ഥികൾ ഓൺലൈൻ വഴി അപേക്ഷകർ രജിസ്റ്റർ ചെയ്യേൺണ്ട അവസാന തീയതി : 20/04/2024.

ബി) **Registration Printout** ഉം മറ്റ് അനുബന്ധ രേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേൺ അവസാന തീയതി: 22/04/2024.

സി) സ്ഥാപനമേധാവി സൂക്ഷ്മപരിശോധനക്ക് ശേഷം ഓൺലൈൻ വഴി അപേക്ഷകർ അംഗീകരിക്കേണ്ട ൺ അവസാന തീയതി : 24/04/2024.

മേൽ പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ പൂർണ്ണ ഉത്തരവാദിത്തം സ്ഥാപനമേധാവിയ്ക്ക് മാത്രമായിരിക്കും എന്ന് കൂടി അറിയിക്കുന്നു. വിശദവിവരങ്ങൾക്ക് **8921679554** എന്ന നമ്പരിൽ ബന്ധപ്പെടുക.

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

Approval Valid

Digitally Approved By
സബീന. എ
Date: 03.04.2024
Reason: Approved

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

Scanned with OKEN Scanner

# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

നമ്പർ. **KSHEC-A5/UG.Renewal-2023-24/406/2024** തീയതി.17/04/2024

## <u>വിജ്ഞാപനം</u>

| |
|---|
| രണ്ടാം വർഷ ബിരുദ പഠനം (2022-23 ബിരുദ അഡ്മിഷൻ - First Renewal) - ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പുതുക്കൽ |

2022-23 അക്കാദമിക വർഷം ഒന്നാം വർഷ ബിരുദ പഠനത്തിന് സ്കോളർഷിപ്പ് ലഭിച്ചവരും 2023-24 അക്കാദമിക വർഷം രണ്ടാം വർഷ ബിരുദ പഠനം നടത്തുന്നവരുമായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പുതുക്കി ലഭിക്കാൻ ഇപ്പോൾ അപേക്ഷകൾ സമർപ്പിക്കാം.

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റ് ആയ scholarship.kshec.kerala.gov.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **18-04-2024** മുതൽ ഓൺലൈനായാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

**<u>യോഗ്യത</u>**

1 ഒന്നാം വർഷം ബിരുദതലത്തിൽ (2022-23-First Year) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിച്ചവർ മാത്രമാണ് ഓൺലൈനായി First Renewal ന് അപേക്ഷിക്കാൻ അർഹർ.

2. ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷയ്ക്ക് ലഭിച്ച ഗ്രേഡ് അടിസ്ഥാനമാക്കി.

| | | |
|---|---|---|
| ജനറൽ വിഭാഗം | : | B |
| ഒ.ബി.സി, ബി.പി.എൽ, എസ്.സി/ എസ്.ടി, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിഭാഗങ്ങൾ | : | C |

**<u>സ്കോളർഷിപ്പ് തുക - 18,000/-</u>**

40% ത്തിനു മുകളിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് തുകയുടെ 25% അധികമായി നൽകുന്നു.

**<u>ബന്ധപ്പെട്ട മറ്റുവിവരങ്ങൾ</u>**

1. മറ്റേതെങ്കിലും സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റുകളോ കൈപ്പറ്റുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല. (ഹിന്ദി സ്കോളർഷിപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന ലംപ്സംഗ്രാന്റ് എന്നിവയെ ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.)



Scanned with OKEN Scanner
Scanned with OKEN Scanner

**<u>അപേക്ഷിക്കേണ്ട രീതി</u>**

1. വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി **18-04-2024** മുതൽ സമർപ്പിക്കാവുന്നതാണ്. ഇതിനായി scholarship.kshec.kerala.gov.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Apply Scholarship - Renewal Apply ൽ ക്ലിക്ക് ചെയ്യുക.
3. സ്ക്രീനിൽ കാണുന്ന പേജിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി submit ചെയ്യുക. (ചുവന്ന നക്ഷത്ര ചിഹ്നം നൽകിയിട്ടുള്ള വിവരങ്ങൾ നിർബന്ധമായും നൽകിയിരിക്കേണ്ടതാണ്.)
4. തുടർന്ന് സ്ക്രീനിൽ കാണുന്ന step ഒന്നും രണ്ടും പൂർത്തിയാക്കിയതിന് ശേഷം step 3 ലെ 7-ാം നമ്പർ കോളത്തിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ നൽകി submit ചെയ്യുക. (ഒന്നാം സെമസ്റ്റർ മാർക്ക് ലിസ്റ്റ് ലഭിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾ "Awaiting Result" എന്ന ഓപ്ഷൻ കൊടുത്താൽ മതിയാകും. മാർക്ക് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉന്നത വിദ്യാഭ്യാസ കൗൺസിലിലേക്ക് അയച്ചുതരേണ്ടതാണ്.) Step 4 പൂർത്തിയാക്കുക.
5. ശേഷം ആവശ്യപ്പെട്ടിട്ടുള്ള ഡോക്യുമെന്റുകൾ അപ്ലോഡ് ചെയ്യുക.
6. വിജയകരമായി അപേക്ഷ നടപടികൾ പൂർത്തിയാക്കിയാൽ ലഭിക്കുന്ന പേജിൽ Higher Education Scholarship എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് എടുക്കുക.
7. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട്, പ്രസ്തുത പ്രിന്റ് ഔട്ടിന്റെ 10-ാം കോളത്തിൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്. **(സമർപ്പിക്കുന്ന രേഖകളുടെ ഒരു പകർപ്പ് വിദ്യാർത്ഥി കൈവശം സൂക്ഷിക്കേണ്ടതാണ്.)**
8. വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും അപേക്ഷാഫോമിന്റെ പ്രിന്റ് ഔട്ടും നോഡൽ ഓഫീസർ പരിശോധിക്കേണ്ടതും (verification), ആ വിവരം ഓൺലൈനായി രേഖപ്പെടുത്തേണ്ടതുമാണ്.
9. പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപന മേധാവി ഓൺലൈനായി അംഗീകരിച്ചിരിക്കണം. (Approval)
10. അപേക്ഷാഫോമിന്റെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിശ്ചയിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ കൗൺസിലിന്റെ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

**<u>കൗൺസിലിൽ സമർപ്പിക്കേണ്ട രേഖകൾ</u>**

1. അപക്ഷാഫോം പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.
2. വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെ പ്രിൻസിപ്പാൾ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (വിദ്യാർത്ഥിയുടെ



Scanned with OKEN Scanner
Scanned with OKEN Scanner

പേര്, ബാങ്കിലെ അക്കൗണ്ട് നമ്പർ, IFSC കോഡ്, വിലാസം എന്നിവ വ്യക്തമായിരിക്കണം, നോർമൽ അക്കൗണ്ട് ആയിരിക്കണം.)

3. വിദ്യാർത്ഥിയുടെ ഒന്നാം സെമസ്റ്റർ മാർക്ക് ലിസ്റ്റിന്റെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**അവസാന തീയതി**

1. ഓൺലൈനായി വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **10-05-2024.**
2. അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **17-05-2024.**
3. നോഡൽ ഓഫീസർ/സ്ഥാപന മേധാവി ഓൺലൈനായി Verification ഉം Approval ഉം പൂർത്തിയാക്കേണ്ട അവസാന തീയതി **25-05-2024.**
4. **പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ കൗൺസിൽ ഓഫീസിൽ ലഭിക്കുന്നതിനുള്ള അവസാന തീയതി 03-06-2024.**

**അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയും പൂർണവും ആണെന്ന് അപേക്ഷകർ ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ അവ പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരും സ്ഥാപനമേധാവികളും വീണ്ടും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ മറ്റൊരറിയിപ്പും കൂടാതെ നിരസിക്കുന്നതായിരിക്കും.**

Sd/-
**മെമ്പർ സെക്രട്ടറി**



Scanned with OKEN Scanner
Scanned with OKEN Scanner

# ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്

നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 33, ടെലിഫോൺ-0471-2300524, 2302090, 2300523

ഇ-മെയിൽ-director.mwd@kerala.gov.in, വെബ് സൈറ്റ്-www.minoritywelfare.kerala.gov.in


നം. MWD/55/2024-S തീയതി. 10.01.2024

'ഭരണ ഭാഷ-മാതൃഭാഷ'

## സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) 2023-24 അപേക്ഷ ക്ഷണിച്ചു.

## വിജ്ഞാപനം

കേരള സംസ്ഥാനത്തിലെ സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ് (റിന്യൂവൽ) പുതുക്കുന്നതിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

2022-23 സാമ്പത്തിക വർഷം സ്കോളർഷിപ്പ് ലഭിച്ചവർക്കാണ് റിന്യൂവലിന് അവസരം നൽകുന്നത്. ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 5,000/ രൂപാ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 6,000/ രൂപാ വീതവും, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 7,000/ രൂപാ വീതവും ഹോസ്റ്റൽ സ്റ്റൈപന്റ് ഇനത്തിൽ 13,000/ രൂപാ വീതവുമാണ് പ്രതിവർഷം സ്കോളർഷിപ്പ് നൽകുന്നത്. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാവുന്നതാണ്. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക്/ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. *www.minoritywelfare.kerala.gov.in* - എന്ന വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേനയോ ഓൺലൈനായി അപേക്ഷിക്കാ വുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. **30.01.2024.** കൂടുതൽ വിവരങ്ങൾക്ക് 0471 2300524, 0471-2302090 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.


Scanned with OKEN Scanner


Scanned with OKEN Scanner

## I. അപേക്ഷിക്കേണ്ട രീതി:

1. www.minoritywelfare.kerala.gov.in - എന്ന വകുപ്പിന്റെ വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെനു ലിങ്ക് മുഖേന C.H. Mohammed Koya Scholarship (CHMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Renewal button – ൽ ക്ലിക്ക് ചെയ്യുക.
3. Application fill ചെയ്യുക
4. ഹോസ്റ്റലിൽ നിന്നും പഠിക്കുന്ന വിദ്യാർത്ഥികൾ ഈ വർഷത്തെ ഹോസ്റ്റൽ ഫീ രസീത് അപേക്ഷയോടൊപ്പം സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ടതാണ്. വിദ്യാർത്ഥി ഹോസ്റ്റലർ ആണെങ്കിൽ ഓൺലൈൻ അപേക്ഷയിൽ ഹോസ്റ്റലർ ഓപ്ഷൻ 'YES' നൽകുക.
5. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം View/ Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് എടുക്കുക.
6. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കണം.

## II. അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ

1. അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്
   **(പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിൻറെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).**
3. മാർക്ക് ലിസ്റ്റിന്റെ പകർപ്പ്/മാർക്ക് ലിസ്റ്റ് ലഭിച്ചിട്ടില്ലെങ്കിൽ നിർബന്ധമായും സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.
4. വരുമാന സർട്ടിഫിക്കറ്റ്

## III. സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം. (Verification)
2. സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. (Approval)
3. ഹോസ്റ്റലിൽ നിന്ന് പഠിക്കുന്ന വിദ്യാർത്ഥിനികൾ ഈ വർഷത്തെ ഹോസ്റ്റൽ ഫീ രസീത് തന്നെയാണ് സമർപ്പിച്ചിരിക്കുന്നതെന്ന് സ്ഥാപന മേധാവി പരിശോധിച്ച് ഉറപ്പ് വരുത്തുക.
4. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പ വരുത്തണം. മുൻ വർഷത്തെ പരീക്ഷാഫലം വന്നിട്ടില്ലെങ്കിൽ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്. ( സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിരിക്കുന്നു)

Scanned with OKEN Scanner

Scanned with OKEN Scanner

5. ബാങ്ക് അക്കൗണ്ട് സംബന്ധമായ എല്ലാ രേഖകളും (Account No, IFSC Code, Bank with Branch Name(latest)) ശരിയാണോ എന്ന് പ്രത്യേകം സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് reject ആവുകയാണെങ്കിൽ വകുപ്പ് ഉത്തരവാദിയല്ല.

6. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപന മേധാവി ഉത്തരവാദിയായിരിക്കും.

7. ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങൾ അവർക്ക് ലഭിക്കുന്ന അപേക്ഷകൾ അതതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പരിശോധനയ്ക്ക് ആവശ്യാനുസരണം ഇവ ലഭ്യമാക്കേണ്ടതാണ്.

8. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ സ്ഥാപനമേധാവി നേരിട്ടോ തപാൽ മുഖാന്തിരമോ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഡയറക്ടറേറ്റിലേയ്ക്ക് എത്തിക്കേണ്ടണ്ടതാണ്. വിലാസം. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവന്, തിരുവനന്തപുരം-33.

IV. **അവസാന തീയതികൾ**

1. വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി: **30.01.2024**
2. ഓൺലൈനായി രജിസ്ട്രേഷൻ പ്രിൻറൗട്ടും മറ്റു അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി. **02.02.2024**
3. സ്ഥാപനമേധാവികൾ ടി അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി. **05.02.2024**
4. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ സ്ഥാപനമേധാവികൾ അപ്രൂവൽ നൽകിയ ശേഷം ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്ക് എത്തിക്കേണ്ട അവസാന തീയതി. **06.02.2024**

**അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**
**ഡയറക്ടർക്കുവേണ്ടി**

Scanned with OKEN Scanner

Scanned with OKEN Scanner

150 YEARS OF CELEBRATING THE MAHATMA


## ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്

വികാസ് ഭവൻ, തിരുവനന്തപുരം

ടെലിഫോൺ-0471-2300523,24,2302090

ഇ-മെയിൽ-director.mwd@gmail.com

വെബ് സൈറ്റ്-www.minoritywelfare.kerala.gov.in


ഭരണ ഭാഷ-മാതൃഭാഷ

നം. MWD/162/2024-S തീയതി.13-02-2024

'ഭരണ ഭാഷ-മാതൃഭാഷ'

**സി.എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ് 2023- 24 (പുതിയത്) അപേക്ഷ ക്ഷണിച്ചു. (പെൺകുട്ടികൾക്ക് മാത്രം)**

### വിജ്ഞാപനം

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ(എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥിനികൾക്ക് ജനസംഖ്യാനുപാതികമായി 2023-24 അദ്ധ്യയന വർഷത്തേയ്ക്ക് സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ് നൽകുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിഗ് കോളേജുകളിൽ പഠിക്കുന്നവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാവുന്നതാണ്. സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവയുടെ എണ്ണവും, തുകയും ചുവടെ ചേർക്കുന്നു.

| കോഴ്സ് | സ്കോളർഷിപ്പുകളുടെ എണ്ണം | പ്രതിവർഷം അനുവദിക്കുന്ന തുക |
|---|---|---|
| ബിരുദം | 3000 | 5000/ രൂപ |
| ബിരുദാനന്തര ബിരുദം | 1000 | 6000/ രൂപ |
| പ്രൊഫഷണൽ കോഴ്സ് | 1000 | 7000/ രൂപ |
| ഹോസ്റ്റൽ സ്റ്റൈപ്പന്റ് | 2000 | 13000/ രൂപ |

ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാതെ പോയവർക്കും ഇപ്പോൾ പഠിക്കുന്ന

Scanned with OKEN Scanner
Scanned with OKEN Scanner
Scanned with OKEN Scanner
Scanned with OKEN Scanner

വർഷത്തേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. അൺ എയ്ഡഡ് കോളേജുകളിൽ ബിരുദം, ബിരുദാനന്തര ബിരുദം, ബി.എഡ് എന്നീ കോഴ്സുകളിൽ പഠിക്കുന്നവർ അപേക്ഷിക്കേണ്ടതില്ല. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാവുന്നതാണ്. കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തി ലായിരിക്കും സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുന്നത്. കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ കവിയരുത് (ബി.പി.എൽ-കാർക്ക് മുൻഗണന). അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക്/ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. *www.minoritywelfare.kerala.gov.in* – എന്ന വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെനു ലിങ്ക് മുഖേനയോ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. 24.02.2024. കൂടുതൽ വിവരങ്ങൾക്ക് 0471 2300524, 0471-2302090 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

I. <u>അപേക്ഷിക്കേണ്ട രീതി:</u>

1. *www.minoritywelfare.kerala.gov.in* – എന്ന വകുപ്പിന്റെ വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെനു ലിങ്ക് മുഖേന – C.H. Mohammed Koya Scholarship (CHMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Apply online - ൽ ക്ലിക്ക് ചെയ്യുക.
3. മറ്റ് സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.
4. Registration form - ൽ തന്നിരിക്കുന്ന Examination details (register no/roll number -ൽ പത്താം ക്ലാസിലെ രജിസ്റ്റർ നമ്പർ നൽകുക), personal details, Scholarship details തുടങ്ങിയ tab – കളിൽ വരുന്ന ഫീൽഡുകൾ step by step ആയി Entry ചെയ്യുക
5. ഹോസ്റ്റലർ ആണോ എന്ന വിവരവും ആണെങ്കിൽ ഹോസ്റ്റൽ സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ളതാണോ എന്ന വിവരവും സെലക്ട് ചെയ്യുക.
6. സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവരാണെങ്കിൽ പ്രവേശനം മെറിറ്റ് സീറ്റിലാണോ എന്ന വിവരം സെലക്ട് ചെയ്യുക.
7. Upload details tab-ൽ (Photo, Signature, SSLC Certificate, Income Certificate, Ration Card Copy) എന്നിവ 100 KB - ൽ താഴെയാക്കി upload ചെയ്യുക.
8. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം View/ Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് എടുക്കുക
9. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം View/ Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് എടുക്കുക.
10. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കണം.

Scanned with OKEN Scanner
Scanned with OKEN Scanner
Scanned with OKEN Scanner
Scanned with OKEN Scanner

## II. അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ

1. അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. എസ്.എസ്.എൽ.സി., പ്ലസ്ടു/വി.എച്ച്.എസ്.ഇ, ബിരുദം തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.
3. അലോട്ട്മെന്റ് മെമ്മോ - യുടെ പകർപ്പ്
4. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്
   (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെട്ടതായിരിക്കണം).
5. ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ എൻ.പി.ആർ കാർഡിന്റെ പകർപ്പ്.
6. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.
7. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെപകർപ്പ്.
8. വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ) വില്ലേജ് ഓഫീസിൽ നിന്ന്
9. റേഷൻ കാർഡിന്റെ പകർപ്പ്
10. ഹോസ്റ്റൽ വിദ്യാർത്ഥി ആണെങ്കിൽ ഹോസ്റ്റലറാണെന്ന് തെളിയിക്കുന്ന രേഖയും, ഹോസ്റ്റൽ ഫീസ് സംബന്ധിച്ച രേഖയും

## III. സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം. (Verification)
2. സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. (Approval)
3. വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ) അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കണം.
4. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പ് വരുത്തണം.
5. ബാങ്ക് അക്കൗണ്ട് സംബന്ധമായ എല്ലാ രേഖകളും (Account No, IFSC Code, Bank with Branch Name(latest)) ശരിയാണോ എന്ന് പ്രത്യേകം സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് reject ആവുകയാണെങ്കിൽ വകുപ്പ് ഉത്തരവാദിയല്ല.
6. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപന മേധാവി ഉത്തരവാദിയായിരിക്കും.
7. ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങൾ അവർക്ക് ലഭിക്കുന്ന അപേക്ഷകൾ അതതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ

Scanned with OKEN Scanner
Scanned with OKEN Scanner
Scanned with OKEN Scanner
Scanned with OKEN Scanner

പരിശോധനയ്ക്ക് ആവശ്യാനുസരണം ഇവ ലഭ്യമാക്കേണ്ടതാണ്.

8. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ സ്ഥാപനമേധാവി നേരിട്ടോ തപാൽ മുഖാന്തിരമോ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഡയറക്ടറേറ്റിലേയ്ക്ക് എത്തിക്കേണ്ടതാണ്. വിലാസം. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവൻ, തിരുവനന്തപുരം-33.

IV. <u>അവസാന തീയതികൾ</u>

1. വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി: 24.02.2024
2. ഓൺലൈനായി രജിസ്ട്രേഷൻ പ്രിൻറൗട്ടും മറ്റു അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി. 26.02.2024
3. സ്ഥാപനമേധാവികൾ ടി അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി. 27.02.2024
4. സ്ഥാപനമേധാവികൾ അപ്രൂവൽ നൽകിയ അപേക്ഷകൾ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്ക് എത്തിക്കേണ്ട അവസാന തീയതി. 28.02.2024

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി

Scanned with OKEN Scanner
Scanned with OKEN Scanner
Scanned with OKEN Scanner
Scanned with OKEN Scanner

"ഭരണഭാഷ മാതൃഭാഷ"

Q 4/41151/2023/DCE (I)

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 09.10.2023

## വിജ്ഞാപനം

വിഷയം:- കോ.വി.വ- തിരുവനന്തപുരം - 2023-24 അക്കാദമിക് വർഷത്തെ സെൻട്രൽ സെക്ടർ സ്കോളർഷിപ്പിനുള്ള ഫ്രെഷ്/റിന്യൂവൽ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- ____________

*********

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം കോളേജ്/സർവ്വകലാശാല വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന 2023-24 അദ്ധ്യയന വർഷത്തിലെ സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് (ഫ്രെഷ്/റിന്യൂവൽ) അപേക്ഷകൾ ഓൺലൈനായി ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ നാഷണൽ സ്കോളർഷിപ്പ് പോർട്ടലായ www.scholarships.gov.in എന്ന വെബ്സൈറ്റ് വഴി ഫ്രെഷ്/റിന്യൂവൽ സ്കോളർഷിപ്പ് അപേക്ഷിക്കാവുന്നതാണ്. അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 31-12-2023. കേന്ദ്ര ഗവൺമെൻറിൻറെ താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും സ്കോളർഷിപ്പനുവദിക്കുന്നത്.

### സ്കോളർഷിപ്പ് ഫ്രെഷായി അപേക്ഷിക്കാനുള്ള മാനദണ്ഡം

1. അപേക്ഷകർ കേരള സ്റ്റേറ്റ് ഹയർ സെക്കൻഡറി/വൊക്കേഷൻ ഹയർ സെക്കൻഡറി ബോർഡുകൾ നടത്തിയ 2023 ലെ 12-ാം ക്ലാസ്സ് പരീക്ഷയിൽ 80 പേഴ്സെൻറൈലിൽ കൂടുതൽ മാർക്കുവാങ്ങി വിജയിച്ചവരും ഏതെങ്കിലും റഗുലർ ബിരുദ കോഴ്സിന് ഒന്നാം വർഷം ചേർന്നവരുമായിരിക്കണം. കറസ്പോണ്ടൻസ് കോഴ്സിനോ ഡിസ്റ്റൻസ് കോഴ്സിനോ ഡിപ്ലോമാ കോഴ്സിനോ ചേർന്നവർക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ സാധിക്കുകയില്ല. പ്രായം 18-25 നും മദ്ധ്യേയായിരിക്കണം.

2. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം ആകെ 4.5 ലക്ഷം കവിയരുത്. അപേക്ഷകർ ഓൺലൈനായി അപേക്ഷിച്ച അപേക്ഷയുടെ പ്രിൻറൗട്ട്, വരുമാന സർട്ടിഫിക്കറ്റ്, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സ്ഥാപന മേധാവിയിൽ നിന്നുള്ള പ്രവേശന റിപ്പോർട്ട് എന്നിവ സഹിതം കോളേജിൽ സമർപ്പിക്കേണ്ടതാണ്. ഫ്രെഷ് അപേക്ഷകർക്കുമാത്രമേ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുള്ളൂ.

3. മറ്റേതെങ്കിലും സ്കോളർഷിപ്പുകൾ വാങ്ങുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

4. ആകെ സ്കോളർഷിപ്പിൻറെ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്യിരിക്കുന്നു. 15% സ്കോളർഷിപ്പുകൾ എസ്.സി വിഭാഗത്തിനും 7.5% സ്കോളർഷിപ്പുകൾ എസ്.ടി വിഭാഗത്തിനും 27% സ്കോളർഷിപ്പുകൾ ഒ.ബി.സി വിഭാഗത്തിനും ഓരോ വിഭാഗത്തിലും 5% ഭിന്നശേഷി വിഭാഗത്തിനും നീക്കി വച്ചിരിക്കുന്നു.

5. ബിരുദതലം മുതൽ (പ്രൊഫഷണൽ കോഴ്സുൾപ്പെടെ) പരമാവധി 5 വർഷത്തേക്ക് നൽകുന്നു. സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് വിഷയങ്ങൾക്ക് 3:3:1 എന്ന അനുപാതത്തിലാണ് സ്റ്റേറ്റ് ബോർഡ് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത്. ബിരുദതലത്തിൽ ഒരു വർഷം 12,000 രൂപയും ബിരുദാനന്തര ബിരുദതലത്തിൽ ഒരു

Scanned with OKEN Scanner

വർഷം 20,000 രൂപയുമാണ് സ്കോളർഷിപ്പ് തുക.

6. സ്കോളർഷിപ്പിന് അപേക്ഷിച്ച് മെറിറ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ തുടർ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിനായി ഓരോ വർഷങ്ങളിലും സ്കോളർഷിപ്പ് പുതുക്കേണ്ടതാണ്.

**സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് പുതുക്കുവാനുള്ള മാനദണ്ഡം**

1. റിന്യൂവൽ ചെയ്യുന്നതിനായി വാർഷിക പരീക്ഷയിൽ 50% മാർക്ക് ലഭിച്ചിരിക്കണം.

2. 75% അറ്റൻഡൻസ് ഉണ്ടായിരിക്കണം.

3. റിന്യൂവൽ ചെയ്യുന്ന വിദ്യാർത്ഥികൾ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ല.

4. അപേക്ഷകർ ഓൺലൈനായി റിന്യൂവൽ ചെയ്യാൻകഴിയാതെ വന്നാൽ തുടർ വർഷങ്ങളിൽ റിന്യൂവൽ ചെയ്യാവുന്നതാണ്. എന്നാൽ അപേക്ഷകർ റിന്യൂവൽ മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.

**സ്കോളർഷിപ് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ**

1. അപേക്ഷകർക്ക് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് കോമേഴ്സ്യൽ ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ ആക്ടീവായ ആധാർ ലിങ്ക് ചെയ്തിട്ടുള്ള സേവിങ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.

2. സ്കോളർഷിപ്പിന് അർഹരാകുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക കേന്ദ്ര ഗവൺമെൻറ് നേരിട്ട് (DBT ) വിദ്യാർത്ഥികളുടെ ആക്ടീവ് ആയ ആധാർ ലിങ്ക്ഡ് ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു നൽകുന്നതാണ്.

3. വിദ്യാർത്ഥികൾ ഓൺലൈൻ ആയി അപേക്ഷിച്ച ശേഷമുള്ള അപേക്ഷ ഫോമിന്റെ പ്രിന്റൗട്ട്, മുഴുവൻ അനുബന്ധ രേഖകളുടെ പകർപ്പുകൾ സഹിതം പഠിക്കുന്ന സ്ഥാപനത്തിൽ നിർബന്ധമായും 5 ദിവസത്തിനകം ഏല്പിക്കേണ്ടതാണ്. സമർപ്പിക്കാത്തവരുടെ അപേക്ഷകൾ ഡിഫെക്ട് ചെയ്യുന്നതാണ്.

4. ഓൺലൈനായി ഇൻസ്റ്റിട്യൂട്ടിന്റെ പ്രൊഫൈലിൽ ലഭിച്ചിരിക്കുന്ന അപേക്ഷകളുടെ ഹാർഡ്കോപ്പി വിദ്യാർത്ഥികളിൽ നിന്നും വാങ്ങി 10 ദിവസത്തിനുള്ളിൽ ഓൺലൈൻ അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങളുമായി ഒത്തു നോക്കി പരിശോധിച്ച ശേഷം ഓൺലൈൻ അപേക്ഷ INO തല വെരിഫിക്കേഷൻ ചെയ്തു വിടേണ്ടതും ഹാർഡ്കോപ്പി അതാത് സ്ഥാപനത്തിൽ സൂക്ഷിച്ചു വെക്കേണ്ടതുമാണ്. ആയത് ഫിസിക്കൽ വെരിഫിക്കേഷൻ സമയത്തു പരിശോധിക്കുന്നതുമാണ്. പരിശോധന സമയത്തു അപാകതകളുണ്ടെന്നു ബോധ്യപ്പെട്ടാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ് ക്യാൻസൽ ചെയ്യുകയും നോഡൽ ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്. INO തല വെരിഫിക്കേഷന്റെ അവസാന തിയ്യതിക്കുള്ളിൽ വെരിഫിക്കേഷൻ നടത്തിയിട്ടില്ലാത്ത ഒരു അപേക്ഷയും ഉണ്ടാകാൻ പാടില്ല.

വിശദ വിവരങ്ങൾക്ക് താഴെ അറ്റാച്ച് ചെയ്തിരിക്കുന്ന ഗൈഡ് ലൈൻസ് പരിശോധിക്കുക. (നാഷണൽ സ്കോളർഷിപ്പ് വെബ്സൈറ്റിലും ലഭ്യമാണ്)

Approval Valid

Digitally Approved By
GEETHAMANI V S
Date: [illegible] 2023

ഒപ്പ്/-
GEETHAMANI V S
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

Scanned with OKEN Scanner

Reaso[redacted]pproved

Scanned with OKEN Scanner

**PRADHAN MANTRI UCHCHATAR SHIKSHA PROTSAHAN (PM-USP) YOJANA**

**GUIDELINES FOR THE COMPONENT SCHEME –
CENTRAL SECTOR SCHEME OF SCHOLARSHIP FOR COLLEGE AND UNIVERSITY STUDENTS (PM-USP CSSS)**

**(Applicable for academic year 2022-23 onwards)**

**1. Objective**

To provide financial assistance to meritorious students from poor families to meet a part of their day-to-day expenses while pursuing higher studies.

**2. Scope**

The scholarships are awarded by Ministry of Education, Government of India on the basis of results of Higher Secondary / Class XII Board Examination. A maximum of 82,000 fresh scholarships per annum are provided for pursuing graduate / postgraduate degree in colleges and universities and for professional courses, such as Medical, Engineering etc.

**3. Allocation of Scholarship**

The total number of scholarships are divided amongst the State Education Boards based on the State's population in the age group of 18-25 years, after segregating share of CBSE and ICSE on the basis of number of students passing out from various Boards in the country. 50% of the scholarships are earmarked for girls. Out of the total scholarship slots earmarked for UTs of Jammu & Kashmir and Ladakh, 3% slots shall be earmarked for the students from the UT of Ladakh. The number of scholarships allotted to a State Education Board is distributed amongst pass outs of the Humanities, Science and Commerce streams in the ratio of 3:3:1. In case of shortfall in the number of applications, the scholarship slots shall be interoperable among categories (Gen, OBC, SC & ST), gender (Female, Male) and State Quota to maximize use of slots for fresh scholarships with effect from academic year 2022-23, subject to the condition that guidelines of Ministry of Finance and NITI Aayog regarding SC/ST fund allocation of the schemes are adhered to.

**4. Eligibility for Scholarship**

i. Students who are above 80$^{th}$ percentile of successful candidates in the relevant stream from the respective Board of Examination in Class XII of 10+2 pattern or equivalent;

Scanned with OKEN Scanner

ii. Pursuing regular degree courses and **not** correspondence or distance mode or pursuing Diploma courses;

iii. Pursuing courses at colleges/institutions recognized by All India Council for Technical Education and respective Regulatory Bodies concerned;

iv. Not availing benefit of any other scholarship schemes including State run scholarship schemes/ fee waiver & reimbursement scheme;

v. Students with gross parental/family income upto **Rs. 4.5 lakh per annum** are eligible for scholarship under the scheme. Income certificate will be required only for the fresh applicants;

vi. Student changing his/ her college/institute of study will be allowed to continue/renew the scholarship provided the course of study and the institution is having valid AISHE Code; The AISHE code can be checked in the portal https://aishe.gov.in/aishe/aisheCode

vii. Students who missed to apply for renewal of application online on NSP will be allowed to apply for renewal of scholarsbip for subsequent year on NSP, if he/she fulfils eligibility condition for renewal;

viii. For renewal of scholarship in each year of study, besides getting at least 50% marks in the Annual Examination, maintenance of adequate attendance of at least 75%, will also be the criteria. Complaints against the student regarding any in disciplined or criminal behaviour including any complaints of baving indulged in ragging, will lead to forfeiture of scholarsbip;

ix. Beneficiaries/ Applicants under the scheme must apply online in the National Scholarships Portal (www.scholarships.gov.in) for the fresh/ renewal scholarships. Fresh/Renewal applications sent directly to the Ministry of Education shall not be accepted.

**5. Reservation**

Students belonging to reserved categories/weaker sections /minorities etc. are eligible to get benefit of reservation on tbe basis of merit, subject to Central Reservation Policy [i.e. 15% seats are earmarked for SCs, 7.5% for STs and 27 % for OBCs and 5% horizontal reservation for Persons with Disabilities (PwDs) in all the categories]. The Central Reservation Policy will be applicable in filling the slots against each year's target. If slots under a specific group is not filled after considering all tbe States/UTs, the vacant slots will be allocated to other categories so that maximum number of eligible students can get the benefit, subject to overall ceiling of slots.

Scanned with OKEN Scanner

## 6. Procedure for Application

i. The applications are received online only. Verification of credentials of the students like caste, educational qualifications etc. are done through DIGILOCKER facility of the MeITY, Govt. of India.

ii. National Scholarships Portal (NSP) (www.scholarships.gov.in) will provide the timelines for opening & closing of the portal.

iii. The Guidelines for application, verification, selection and disbursement of scholarship will be as per the NSP.

iv. Selection list would be generated/displayed on NSP.

v. Online applications will be verified at two levels i.e by the Institute, where the student is studying and thereafter by the concerned State Higher Education Department or any other Agency/ Official nominated by the State as State Nodal Agency (both for fresh and renewal applicants).

vi. Latest guideline on Timelines will be made available on NSP.

vii. Students will not be permanently debarred for scholarships due to delay to renew or verification. However, students will have to submit renewal applications within a cut-off date. Renewal for that year will not be allowed if an applicant misses this deadline.

## 7. Rate and Duration of Scholarship (from financial year 2022-23)

The rate of scholarship is Rs.12,000/-per annum at Graduation level for first three years of College and University courses and Rs.20,000/-per annum at Post-Graduation level. Students pursuing professional courses, in case, where the duration of course is five (5) years/Integrated course will get Rs. 20,000/-per annum in the $4^{th}$ and $5^{th}$ year. However, students pursuing technical courses such as B.Tech, B.Engg. will get scholarship up to graduation level only i.e. Rs. 12,000 p.a. for $1^{st}$, $2^{nd}$ and $3^{rd}$ year and Rs. 20,000 in the $4^{th}$ year.

**Note:** The rate of scholarship is Rs.10,000/-per annum for first three years of fresh/ renewal scholarships with respect to academic year 2021-22, even if the actual release happens in FY 2022-23.

## 8. Payment of Scholarship

Students are required to have the bank accounts opened, especially, in their name for availing the benefits under the scheme. The scholarship will be disbursed directly into the savings bank accounts of the beneficiaries through Direct Benefit Transfer (DBT)

Scanned with OKEN Scanner

mode. The student can track their payment status from the template "Know Your Payment" in the Public Financial Management System (PFMS) portal [ https://pfms.nic.in/Users/LoginDetails/Login.aspx] either by indicating Aadhaar number or bank account number or NSP Application ID.

**9. For Colleges/Universities**

College and Universities will apprise the students about the "PM-USP CSSS" during admission. Aadhaar based authentication of Institute Nodal Officer (INO)/ State Nodal Officer (SNO) is mandatory for every Institution/State before verification of the applications. INO/SNO should be a regular employee.

**10. For State Government/State Boards**

Adequate publicity of the scheme may be initiated through the Schools/ Colleges/ Institutions to create awareness and to facilitate/ assist the applicants in rural area to apply for scholarship online on NSP.

**11. Grievance Redressal**

In case of any grievances/complaint regarding the above scheme, the same may be registered to the following link:

http://pgportal.gov.in/grievancenew.aspx

other than to the Nodal Officer whose email is available on NSP portal (Services Tab).

**Contact us:**

Section Officer
National Scholarship Division
Department of Higher Education, Ministry of Education,
West Block 1, 2nd Floor, Wing 6, Room No. 6,
R. K. Puram, Sector 1, New Delhi 110066.
**Tele: 011- 20862360**
**E-mail:** es3.edu@nic.in

******

Scanned with OKEN Scanner